**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1492** **30-08-2022 - ൽ മറുപടിയ്ക്ക്**

**വില്ലേജ് ഓഫീസുകളുടെ ഡിജിറ്റലൈസേഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ശാന്തകുമാരി കെ. | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | വില്ലേജ് ഓഫീസുകളിലെ രേഖകളും രജിസ്റ്ററുകളും ഡിജിറ്റൈസ് ചെയ്യുന്നതിനുള്ള നടപടികൾ ഏതുഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ; | (എ) | ഭൂരേഖകളുടെ ഡിജിറ്റൽവത്ക്കരണത്തിന്റെ ഭാഗമായി സംസ്ഥാനത്തെ മുഴുവൻ വില്ലേജുകളിലേയും ലഭ്യമായ അടിസ്ഥാന ഭൂനികുതി രജിസ്റ്റർ, തണ്ടപ്പേർ രജിസ്റ്റർ എന്നിവയിലെ വിവരങ്ങൾ (Textual Data) ഡിജിറ്റൈസ് ചെയ്ത് റവന്യൂ ലാൻഡ് ഇൻഫർമേഷൻ സിസ്റ്റം (ReLIS)എന്ന പോർട്ടൽ മുഖേന ഓൺലൈൻ പോക്കുവരവ്, ഓൺലൈൻ ഭൂനികുതി എന്നിവ നടപ്പിലാക്കിയിട്ടുണ്ട്. റവന്യൂ രേഖകളുടെ അടുത്ത തലത്തിലുള്ള ഡിജിറ്റൈസേഷന്റെ ഭാഗമായി സംസ്ഥാനത്തെ മുഴുവൻ വില്ലേജുകളിലേയും പ്രധാനപ്പെട്ട രേഖകളായ അടിസ്ഥാന ഭൂനികുതി രജിസ്റ്റർ (BTR), തണ്ടപ്പേർ രജിസ്റ്റർ (TPR) എന്നിവ സ്കാൻ ചെയ്ത് ഡിജിറ്റൽ രൂപത്തിലാക്കി ഓൺലൈൻ ആയി സൂക്ഷിക്കുകയും ഈ രേഖകളുടെ ഓൺലൈൻ പരിശോധന സാധ്യമാക്കുകയും ചെയ്യുന്ന ഡോക്കുമെന്റ് മാനേജ്മെന്റ് സിസ്റ്റം (DMS) തയ്യാറാക്കിയിട്ടുണ്ട്. DMS സോഫ്റ്റ് വെയർ റവന്യൂ ലാൻഡ് ഇൻഫർമേഷൻ സിസ്റ്റം (ReLIS) മായി ബന്ധപ്പെടുത്തി ഓൺലൈൻ ആയി തന്നെ രേഖകൾ കാണുവാനും പരിശോധിക്കുവാനുമുള്ള നടപടി സ്വീകരിച്ചു വരുന്നു. ഇതിലൂടെ കാലപ്പഴക്കം വന്ന റവന്യൂ രേഖകൾ നേരിട്ട് പരിശോധിക്കുന്നത് ഒഴിവാക്കുവാനും ഡിജിറ്റൽ രേഖകളുമായി ഓൺലൈൻ ആയിത്തന്നെ ഒത്തുനോക്കുന്നതിനും സാധിക്കും.<br><br>സംസ്ഥാനത്ത് ആകെയുള്ള 1666 വില്ലേജുകളിൽ 303 വില്ലേജുകളിലെ റിക്കാർഡുകളുടെ ഡിജിറ്റൈസേഷൻ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുള്ളതും, 25 വില്ലേജുകളിലെ ഡിജിറ്റൈസേഷൻ നടപടികൾ പുരോഗമിച്ചു വരുന്നതുമാണ്. നിലവിൽ തിരുവനന്തപുരം ജില്ലയിൽ |

| | | | |
|---|---|---|---|
| | | | 38 വില്ലേജുകൾ, കൊല്ലം ജില്ലയിൽ 18 വില്ലേജുകൾ, പത്തനംതിട്ട ജില്ലയിൽ 17 വില്ലേജുകൾ, കോട്ടയം ജില്ലയിൽ 10 വില്ലേജുകൾ, മലപ്പുറം ജില്ലയിൽ 3 വില്ലേജുകൾ ഉൾപ്പെടെ ആകെ 86 വില്ലേജുകളുടെ തണ്ടപ്പേർ രജിസ്റ്ററുകൾ സ്കാൻ ചെയ്ത് ഡിജിറ്റൽ രൂപത്തിലാക്കി ഡോക്കുമെന്റ് മാനേജ്മെന്റ് സിസ്റ്റത്തിലേക്ക് അപ് ലോഡ് ചെയ്തിട്ടുണ്ട്. അവശേഷിക്കുന്ന വില്ലേജുകളിലെ ഡിജിറ്റൈസേഷൻ പ്രവർത്തനങ്ങൾ അതിവേഗം പുരോഗമിച്ചുവരുന്നു. ഇതിലൂടെ കാലപ്പഴക്കം വന്ന റവന്യൂ രേഖകൾ നേരിട്ട് പരിശോധിക്കുന്നത് ഒഴിവാക്കുവാനും ഡിജിറ്റൽ രേഖകളുമായി ഓൺലൈൻ ആയിത്തന്നെ ഒത്തുനോക്കുന്നതിനും സാധിക്കുന്നതാണ്. |
| (ബി) | എത്ര വില്ലേജുകൾ സമ്പൂർണ്ണമായി ഡിജിറ്റൈസ് ചെയ്തു എന്ന വിവരം ലഭ്യമാക്കാമോ? | (ബി) | ഭൂരേഖകളുടെ ഡിജിറ്റൽവത്ക്കരണത്തിന്റെ ഭാഗമായി സംസ്ഥാനത്തെ മുഴുവൻ വില്ലേജുകളിലേയും ലഭ്യമായ അടിസ്ഥാന ഭൂനികുതി രജിസ്റ്റർ, തണ്ടപ്പേർ രജിസ്റ്റർ എന്നിവയിലെ വിവരങ്ങൾ (Textual Data) ഡിജിറ്റൈസ് ചെയ്ത് റവന്യൂ ലാൻഡ് ഇൻഫർമേഷൻ സിസ്റ്റം (ReLIS)എന്ന പോർട്ടൽ മുഖേന ഓൺലൈൻ പോക്കുവരവ്, ഓൺലൈൻ ഭൂനികുതി എന്നിവ നടപ്പിലാക്കിയിട്ടുണ്ട്. റവന്യൂ രേഖകളുടെ അടുത്ത തലത്തിലുള്ള ഡിജിറ്റൈസേഷന്റെ ഭാഗമായി സംസ്ഥാനത്തെ മുഴുവൻ വില്ലേജുകളിലേയും പ്രധാനപ്പെട്ട രേഖകളായ അടിസ്ഥാന ഭൂനികുതി രജിസ്റ്റർ (BTR), തണ്ടപ്പേർ രജിസ്റ്റർ (TPR) എന്നിവ സ്കാൻ ചെയ്ത് ഡിജിറ്റൽ രൂപത്തിലാക്കി ഓൺലൈൻ ആയി സൂക്ഷിക്കുകയും ഈ രേഖകളുടെ ഓൺലൈൻ പരിശോധന സാധ്യമാക്കുകയും ചെയ്യുന്ന ഡോക്കുമെന്റ് മാനേജ്മെന്റ് സിസ്റ്റം (DMS) തയ്യാറാക്കിയിട്ടുണ്ട്. DMS സോഫ്റ്റ് വെയർ റവന്യൂ ലാൻഡ് ഇൻഫർമേഷൻ സിസ്റ്റം (ReLIS) മായി ബന്ധപ്പെടുത്തി ഓൺലൈൻ ആയി തന്നെ രേഖകൾ കാണുവാനും പരിശോധിക്കുവാനുമുള്ള നടപടി സ്വീകരിച്ച് വരുന്നു. ഇതിലൂടെ കാലപ്പഴക്കം വന്ന റവന്യൂ രേഖകൾ നേരിട്ട് പരിശോധിക്കുന്നത് ഒഴിവാക്കുവാനും ഡിജിറ്റൽ രേഖകളുമായി ഓൺലൈൻ ആയിത്തന്നെ ഒത്തുനോക്കുന്നതിനും സാധിക്കും.<br><br>സംസ്ഥാനത്ത് ആകെയുള്ള 1666 വില്ലേജുകളിൽ 303 വില്ലേജുകളിലെ റിക്കാർഡുകളുടെ ഡിജിറ്റൈസേഷൻ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുള്ളതും, 25 വില്ലേജുകളിലെ ഡിജിറ്റൈസേഷൻ നടപടികൾ പുരോഗമിച്ച |

| | | | |
|---|---|---|---|
| | | | വരുന്നതുമാണ്. നിലവിൽ തിരുവനന്തപുരം ജില്ലയിൽ 38 വില്ലേജുകൾ, കൊല്ലം ജില്ലയിൽ 18 വില്ലേജുകൾ, പത്തനംതിട്ട ജില്ലയിൽ 17 വില്ലേജുകൾ, കോട്ടയം ജില്ലയിൽ 10 വില്ലേജുകൾ, മലപ്പുറം ജില്ലയിൽ 3 വില്ലേജുകൾ ഉൾപ്പെടെ ആകെ 86 വില്ലേജുകളുടെ തണ്ടപ്പേർ രജിസ്റ്ററുകൾ സ്കാൻ ചെയ്ത് ഡിജിറ്റൽ രൂപത്തിലാക്കി ഡോക്കുമെന്റ് മാനേജ്മെന്റ് സിസ്റ്റത്തിലേക്ക് അപ് ലോഡ് ചെയ്തിട്ടുണ്ട്. അവശേഷിക്കുന്ന വില്ലേജുകളിലെ ഡിജിറ്റൈസേഷൻ പ്രവർത്തനങ്ങൾ അതിവേഗം പുരോഗമിച്ചുവരുന്നു. ഇതിലൂടെ കാലപ്പഴക്കം വന്ന റവന്യൂ രേഖകൾ നേരിട്ട് പരിശോധിക്കുന്നത് ഒഴിവാക്കുവാനും ഡിജിറ്റൽ രേഖകളുമായി ഓൺലൈൻ ആയിത്തന്നെ ഒത്തുനോക്കുന്നതിനും സാധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ